ലേഖനം

ഫാ. ഡോ. കെ. എം. ജോർജ്ജ്

ആന്റണി ബ്ളൂം മെത്രാപ്പോലീത്താ: പാശ്ചാത്യ ലോകത്ത് ഒരു പൗരസ്ത്യ ക്രിസ്തീയ സാക്ഷ്യം

കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ കാലംചെയ്ത നിര്യാതനായ റഷ്യൻ ഓർത്തഡോക്സ് മെത്രാപ്പോലീത്താ ആന്റണി ബ്ളൂം (Anthony of Sourozh 1914-2003) അനേകായിരങ്ങൾക്ക് പ്രിയങ്കരനായ ഇടയനും ആത്മികോപദേഷ്ടാവുമായിരുന്നു. ഇരുപതാം നൂറ്റാണ്ടിൽ യൂറോപ്പിൽ പൗരസ്ത്യ ഓർത്തഡോക്സ് ആദ്ധ്യാത്മികതയുടെ ശബ്ദവും നല്ല മാതൃകയുമായി അദ്ദേഹം കരുതപ്പെട്ടിരുന്നു.

റഷ്യൻ മാതാപിതാക്കൾക്ക് സ്വിറ്റ്സർലണ്ടിൽ ജനിച്ച ആന്ദ്രേ (ആന്റണി എന്നത് പിൽക്കാലത്ത് സ്വീകരിച്ച സന്യാസപ്പേരാണ്) പാരീസിലെ സോൾബോൺ സർവ്വകലാശാലയിലും മറ്റും മെഡിക്കൽ വിദ്യാഭ്യാസം നടത്തി ഡോക്ടറായി. വിദ്യാർത്ഥിയായിരുന്നപ്പോൾ ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തെ ജ്വലിപ്പിക്കുന്ന ചില മാനസാന്തരാനുഭവങ്ങളുണ്ടായി. രണ്ടാം ലോകയുദ്ധസമയത്ത് ഫ്രഞ്ച് സേനയിൽ ഡോക്ടറായി സേവനമനുഷ്ഠിച്ചു. ആത്മാന്വേഷകനായിരുന്ന യുവ ഡോക്ടർ ഈ സമയത്ത് രഹസ്യമായി സന്യാസ വ്രതമെടുത്തു. 1943-ൽ പരസ്യമായി സന്യാസമെടുത്ത് സന്യാസ പ്രസ്ഥാനത്തിന്റെ ആദ്യപിതാവായ വിശുദ്ധ അന്തോനിയോസിന്റെ പേര് സ്വീകരിച്ചു.

1948-ൽ വൈദികനായി പട്ടമേറ്റു. 1957-ൽ ബിഷപ്പായ ആന്റണി 1966-ൽ റഷ്യൻ സഭയുടെ ബ്രിട്ടനിലെ സഭയുടെ പ്രധാന ഇടയനായി അവരോധിക്കപ്പെട്ടു.

ഭദ്രാസനഭരണത്തിന്റെ നൂലാമാലകളിൽ കുരുങ്ങിക്കിടക്കാതെ, അദ്ദേഹം തന്റെ സമയം മുഴുവനും ജനങ്ങൾക്ക് ആത്മീക മാർഗ്ഗനിർദ്ദേശവും ആശ്വാസവും നൽകുന്നതിനാണ് ശ്രമിച്ചത് സോവിയറ്റ് കമ്മ്യൂണിസ്റ്റ് ഭരണകാലത്ത്, ആന്റണി മെത്രാപ്പോലീത്താ ബി.ബി.സി. റേഡിയോയിലൂടെ നടത്തിക്കൊണ്ടിരുന്ന പ്രസംഗങ്ങളും ആദ്ധ്യാത്മിക ജീവിതത്തെക്കുറിച്ചുള്ള പ്രബോധനങ്ങളും റഷ്യയിൽ പീഡിപ്പിക്കപ്പെട്ടിരുന്ന ഓർത്തഡോക്സ് വിശ്വാസികൾക്ക് അമൃതവർഷമായിരുന്നു. ആരെയും ഓർത്തഡോക്സ് സഭയിൽ ചേർക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നില്ലെങ്കിലും, അദ്ദേഹത്തിന്റെ ജീവിതമാതൃകയും പ്രബോധനങ്ങളും നേരിട്ടറിഞ്ഞ് ബ്രിട്ടനിലും പശ്ചിമയൂറോപ്പിലും നൂറു കണക്കിനാളുകൾ സഭയിൽ ചേർന്നു. പണത്തോടും വർണ്ണശബളിമയാർന്ന എപ്പിസ്ക്കോപ്പൽ വേഷവിധാനങ്ങളോടും വിരക്തി കാണിച്ചിരുന്ന ഈ മെത്രാൻ വിശ്വാസികൾക്ക് ഒരു സവിശേഷാനുഭവമായിരുന്നു. പരുമല തിരുമേനി, പാമ്പാടി തിരുമേനി തുടങ്ങിയ മലങ്കരസഭയിലെ അനേകം പിതാക്കന്മാർ സന്യാസജീവിതത്തിന് അനുപേക്ഷണീയമായ, തപോനിഷ്ഠമായ ലളിതജീവിതം നിലനിർത്തിക്കൊണ്ടു തന്നെ ഇടയശുശ്രൂഷ നിർവ്വഹിച്ചതുപോലെ, ഇംഗ്ലണ്ടിൽ ഇരുപതാം നൂറ്റാണ്ടിൽ പൗരസ്ത്യ പാരമ്പര്യത്തിന്റെ തെളിഞ്ഞ അടയാളമായിരുന്നു ആന്റണി മെത്രാപ്പോലീത്താ.

പ്രാർത്ഥനയെക്കുറിച്ചും ആദ്ധ്യാത്മിക ജീവിതത്തെക്കുറിച്ചും അദ്ദേഹം എഴുതിയ പുസ്തകങ്ങൾ വലിയ ഉൾക്കാഴ്ചയും പ്രചോദനവും നൽകുന്നവയാണ്.

മെത്രാനായി വാഴിക്കപ്പെട്ട അവസരത്തിൽ അദ്ദേഹം നടത്തിയ പ്രസംഗത്തിൽ, "ദൈവത്തെ സ്വീകരിപ്പാൻ തക്ക ബലഹീനത (Weakness that is receptive of God) എനിക്കു തരണമേ എന്ന് കർത്താവിനോട് പ്രാർത്ഥിക്കുവാനാണ് സഹമെത്രാന്മാരോട് ആവശ്യപ്പെട്ടത്. ദൈവസ്നേഹവും ദൈവത്തിന്റെ താഴ്മയും തിരിച്ചറിയാൻ നമ്മുടെ ബലഹീനതയും അവസാനത്തോളമുള്ള വിശ്വസ്തമായ അനുസരണവും നമുക്കാവശ്യമാണെന്ന് അദ്ദേഹം പഠിപ്പിച്ചു.

ബിഷപ്പ് ആന്റണിയുടെ അടുക്കൽ കുമ്പസാരിക്കയും ആത്മീയോപദേശം തേടുകയും ചെയ്ത ആയിരങ്ങൾ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന ദിവ്യചൈതന്യത്തെ സാക്ഷിക്കുന്നു. "ചെറുപ്പക്കാരുടെ കണ്ണുകളിൽ അഗ്നിയുണ്ട്. പ്രായമാകുമ്പോൾ അത് നമ്മുടെ കണ്ണുകളിൽ പ്രകാശമായി മാറണം" എന്ന വിക്ടർ യൂഗോവിന്റെ വാക്കുകളുപയോഗിച്ച് ഉപദേശിച്ച ഈ ഇടയന്റെ കണ്ണുകളിൽ ആർദ്രമായ ദൈവസ്നേഹത്തിന്റെ വെളിച്ചം തെളിഞ്ഞിരുന്നു.

കാന്റർബറി ആർച്ച്ബിഷപ്പ് റോവൻ വില്യംസ് നൽകിയ അനുസ്മരണ സന്ദേശത്തിൽ, ആന്റണി മെത്രാപ്പോലീത്തായുടെ നിരവധി മൊഴികൾ പലരും ഹൃദിസ്ഥമാക്കി. അനുദിന ധ്യാനത്തിന് ഉപയോഗിക്കുന്നതായി പറഞ്ഞു. ആർച്ച് ബിഷപ്പിന് ഏറ്റം ഇഷ്ടപ്പെട്ട ഒരു വചനം ഉദ്ധരിച്ചത് ഇങ്ങനെയാണ്. "മറ്റുള്ളവരുടെ ആത്മീയപരിപാലനം ഏറ്റെടുക്കുന്ന ഏതൊരാളും തന്റെ സ്വന്തം ആത്മാവിനെ ചന്തസ്ഥലമാക്കി മാറ്റുന്നു. ആന്റണി മെത്രാപ്പോലീത്താ കഴിഞ്ഞ 50 വർഷങ്ങളായി തന്റെ ആത്മാവിനെ എല്ലാവർക്കും വേണ്ടി ചന്തസ്ഥലമാക്കി. ആ സേവനത്തിന് അദ്ദേഹം കൊടുക്കേണ്ടിവന്ന വലിയ വില, തൊട്ടടുത്തവർ മാത്രമേ മനസ്സിലാക്കിയിട്ടുള്ളൂ".

ബിസന്റയിൽ ഓർത്തഡോക്സ് പാരമ്പര്യത്തിൽ വൈദികർ കൂദാശാവസരങ്ങളിൽ ധരിക്കുന്ന 'ഹയ്മനിഖാ' യുടെ അറ്റം, കുമ്പസാരത്തിനു വരുന്ന ആളിന്റെ തലയിൽ വച്ചുകൊണ്ടാണ് പാപപരിഹാരപ്രാർത്ഥന (ഹൂസോയോ) നടത്തുന്നത്. (നമ്മുടെ പാരമ്പര്യത്തിലും, കുമ്പസാരിപ്പിക്കുന്ന വൈദികൻ ഹയ്മനിഖാ ധരിക്കേണ്ടതാണെങ്കിലും

പലരും അത് ചെയ്യുന്നതായി കാണുന്നില്ല). നഷ്ടപ്പെട്ടുപോയ ആടിനെ തേടി കണ്ടുപിടിച്ച്, ഇടയൻ സ്വന്തം തോളിൽ വഹിക്കുന്നതിന്റെ പ്രതീകമായിട്ടാണ്, താൻ മാറിൽ ധരിച്ചിരിക്കുന്ന 'ഹയ്മനിഖാ'യുടെ അറ്റം അനുതപിക്കുന്ന ആളിന്റെ തലയിൽ വൈദികൻ വയ്ക്കുന്നത്. മെത്രാൻ സ്ഥാനാഭിഷേക ശുശ്രൂഷയിൽ ബിഷപ്പ് ആന്റണി ചെയ്ത പ്രസംഗത്തിൽ സ്വന്തം ജീവൻ നൽകി, ഇങ്ങനെ നഷ്ടപ്പെട്ടുപോയ ആടുകളെ തേടുന്ന ജോലിയാണ് ദൈവം തന്നെ ഏല്പിച്ചിരിക്കുന്നതെന്ന് പ്രസ്താവിച്ചു. പിൽക്കാല ജീവിതത്തിൽ ഭരണം നടത്താനും സ്ഥാപനങ്ങൾ പടുത്തുയർത്താനും അധികം സമയം കളയാതെ, യഥാർത്ഥമായ ഇടയജോലി അദ്ദേഹം നിർവ്വഹിച്ചു. അതുകൊണ്ട് ഓർത്തഡോക്സ് സഭയ്ക്ക് ബ്രിട്ടനിലും യൂറോപ്പിൽ പൊതുവെയും വലിയ സാക്ഷ്യം നിർവ്വഹിക്കാനായി.

'ഒരു മനുഷ്യന്റെയെങ്കിലും മുഖത്തോ കണ്ണുകളിലോ നിത്യ ജീവന്റെ തിളക്കം കാണാത്ത ഒരാൾക്ക് ഒരിക്കലും നിത്യതയെന്തെന്ന് അറിയാനാവില്ല' എന്ന് അദ്ദേഹം പറയുമായിരുന്നു. അദ്ദേഹത്തിന്റെ മുഖത്തും കണ്ണുകളിലും അത് കണ്ടവർ അനേകരാണ്. മനുഷ്യ ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തുന്ന യഥാർത്ഥ ക്രിസ്തീയ സാക്ഷ്യമായിരുന്നു അത്.

"മാലാഖമാർ കാൽവയ്ക്കാൻ ഭയപ്പെടുന്നിടത്ത് വിഡ്ഢികൾ ഇടിച്ചു കയറുന്നു" എന്ന ഷേക്സ്പീയർ വചനം ക്രിസ്തീയ സഭകളിലും രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലും ഇന്നും പ്രസക്തമാണ്. വൈദിക, മെത്രാൻസ്ഥാനങ്ങൾക്കുവേണ്ടിയും അധികാരക്കസേരകൾക്കുവേണ്ടിയും പലരും നടത്തുന്ന വിക്രിയകൾ കാണുമ്പോൾ, പ്രാർത്ഥനാപൂർവ്വമായ നിശ്ശബ്ദതയും സന്യാസസേവനത്തിന്റെ അജ്ഞാതവാസവും" മാത്രം ആഗ്രഹിക്കയും സഭയുടെ നിർബ്ബന്ധപൂർവ്വമായ ആവശ്യത്തിന് വഴങ്ങി മനസ്സില്ലാമനസ്സോടെ സ്ഥാനങ്ങൾ സ്വീകരിക്കുകയും ചെയ്ത ആൻറണി ബ്ലൂം മെത്രാപ്പോലീത്താ യഥാർത്ഥ പൗരസ്ത്യ ക്രിസ്തയീയതയുടെ നല്ല സാക്ഷിയായി നമ്മുടെ കാലത്ത് ജീവിച്ചു. ❖